## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3660 15.12.2014-ൽ മറുപടിയ്ക്ക്

### പ്രസിദ്ധപ്പെടുത്താൻ നടപടി

| | **ചോദ്യം**<br>ശ്രീ. സി. മമ്മൂട്ടി | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരള സെക്രട്ടേറിയറ്റ് ഡയറക്ടറി ആദ്യം പ്രസിദ്ധപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ; | (എ) | 1983-ൽ |
| (ബി) | ഏറ്റവും ഒടുവിലായി അത് പരിഷ്ക്കരിച്ച് പ്രസിദ്ധപ്പെടുത്തിയത് ഏതു വർഷമാണ് ; | (ബി) | 2011 |
| (സി) | അതിനുശേഷമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ; | (സി) | പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ, ചില വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി ലഭ്യമാകാനുണ്ട്. ആയവ കൂടി ലഭ്യമായാൽ മാത്രമേ 2011-ൽ പ്രസിദ്ധപ്പെടുത്തിയ കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറി പരിഷ്ക്കരിച്ച് പ്രസിദ്ധപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ഡി) | ഡയറക്ടറിയുടെ ഘടനയിലും, ഉൾപ്പെടുത്തുന്ന വിവരങ്ങളിലും വ്യത്യാസം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ഡി) | പുതുതായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറിയിൽ ഓരോ വകുപ്പിനും കീഴിലുള്ള സെക്ഷനുകളുടെ സീറ്റ് വൈസ് വർക്ക് ഡിസ്ട്രിബ്യൂഷൻ, ബന്ധപ്പെട്ട സെക്ഷനുകളുടെ നിലവിലുള്ള ടെലിഫോൺ നമ്പറുകൾ സഹിതം ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, മലയാളത്തിലും പകർപ്പ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | വിവിധ വകുപ്പുകൾക്കും, ജനപ്രതിനിധികൾക്കും, പൊതുജനങ്ങൾക്കും ഉപകാരപ്രദമായ ഡയറക്ടറി പരിഷ്ക്കരിച്ച് എത്രയും പെട്ടെന്ന് പ്രസിദ്ധപ്പെടുത്തണമെന്ന നിർദ്ദേശം നൽകുമോ ? | (ഇ) | ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറി പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ